പുതുക്കിയ മറുപടി.

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 366 12.05.2017-ൽ മറുപടിക്ക്

## പട്ടിക ഗോത്രവർഗ്ഗക്കാർക്ക് പ്രത്യേക തൊഴിലുറപ്പ് പദ്ധതിയും വനഭൂമിയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ഒ. ആർ. കേളു | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | മുൻസർക്കാരിന്റെ കാലത്ത് പട്ടികഗോത്ര വർഗ്ഗക്കാരുടെ ഇടയിൽ പട്ടിണി മരണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) | 'പട്ടിണി മരണം ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും ഭയാനകമായ രൂപത്തിൽ ശിശുമരണം അന്നുണ്ടായിട്ടുണ്ട്.' മഴക്കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ പട്ടിണി ഉണ്ടാകാതെ ഇരിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അട്ടപ്പാടിയിൽ 53 ഊരുകളിൽ മാത്രം കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നത് 192 ഊരുകളിലേക്കും വ്യാപിപ്പിച്ചു. ഇതിനായി കുടുംബശ്രീക്ക് 2016-17-ൽ 3.5 കോടി രൂപ അനുവദിച്ചു. ഈ പദ്ധതി ഇപ്പോൾ വയനാട്ടിലും മലപ്പുറത്തും ആരംഭിച്ചിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയിൽ പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേക്കായി പ്രതിമാസം 1,000/- രൂപ വീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലും മലപ്പുറം ജില്ലയിലെ മാഞ്ചീരി പട്ടികവർഗ്ഗ കോളനിയിലും ഭക്ഷണം പാകം ചെയ്തു നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം |

| | | | |
|---|---|---|---|
| | | | നടത്തി വരികയും ചെയ്യുന്നു. |
| ബി) | പഞ്ഞമാസങ്ങളിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് എത്ര കുടുംബങ്ങൾക്ക് പ്രയോജന പ്രദമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്. 80,000 ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുമെന്ന് കണക്കാക്കുന്നു. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റാനായി പ്രത്യേക തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; വനാവകാശ നിയമപ്രകാരം അർഹതപ്പെട്ടവർക്ക് കൃഷിക്കനുയോജ്യമായ വനഭൂമി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റുന്നതിനായി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി 100 ലധികം ദിവസങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി നടപ്പു വർഷം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. വനാവകാശ നിയമം (2006) പ്രകാരം ഭൂമി ലഭിക്കുവാൻ അർഹരായ 5075 പേർക്കും ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നാളിതുവരെ 25,081 പേർക്ക് 33778.11 ഏക്കർ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ സുപ്രീ കോടതി വിധി പ്രകാരം ലഭ്യമായ 7149 ഏക്കർ വിതരണ യോഗ്യമായ ഭൂമി 4000 പേർക്കെങ്കിലും വിതരണം ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ